Desabhimani
12 March 2016

### അഴിമതിയും ക്രമക്കേടും

# മലബാർ സിമന്റ്സ് തകർച്ചയിലേക്ക്

പാലക്കാട് > എൽഡിഎഫ് ഭരണകാലത്ത് 220കോടി രൂപ ലാഭവും 120കോടിരൂപ കരുതൽ ധനവുമായി ബാങ്ക്നിക്ഷേപവുമുണ്ടായ മലബാർ സിമന്റ്സ് അഴിമതിയും ക്രമക്കേടും മൂലം തകർച്ചയിലാണെന്ന് മലബാർ സിമന്റ്സ് എംപ്ലോയീസ് യൂണിയൻ നേതാക്കൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. നിലനിൽപ്പിനായി വായ്പയെടുക്കേണ്ട ഗതികേടിലാണ്. അഴിമതിയും ക്രമക്കേടും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയതായി യൂണിയൻ പ്രസിഡന്റ് എസ് ബി രാജു അറിയിച്ചു.

മാനേജ്മെന്റിന്റെയും സർക്കാരിന്റെയും പിടിപ്പുകേടിന്റെ ഭാഗമായി ഉൽപ്പാദനച്ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സിമന്റ് വിൽക്കേണ്ടി വരുന്നു. അസംസ്കൃതവസ്തുക്കൾക്ക് വില കുറഞ്ഞിരിക്കുമ്പോഴാണ് കുറഞ്ഞവിലയ്ക്ക് സിമന്റ് വിൽക്കുന്നത്.

സിമന്റ് ഉൽപ്പാദനത്തിന് ആവശ്യമായ പ്രധാന അസംസ്കൃതവസ്തു ക്ലിങ്കർ 3, 267 രൂപക്ക് കമ്പനി ഉൽപ്പാദിപ്പിച്ചിരുന്നു. ചുണ്ണാമ്പ്കല്ലിന്റെ ആയുസ് നീട്ടുന്നതിനായി സർക്കാർ ഉടമസ്ഥയിലുള്ള സിമന്റ് കോർപറേഷനിൽനിന്ന് ഒരുടൺ ക്ലിങ്കർ 4, 601രൂപക്ക് വാങ്ങിയിരുന്നു. അതിനു പകരം 5, 500രൂപ നിരക്കിൽ 27,000 മെട്രിക്ടൺ ക്ലിങ്കർ ഇറക്കുമതിയിൽ വൻഅഴിമതിയുണ്ട്. ഈ ഇടപാടിൽ കമ്പനിക്ക് 6. 21കോടിരൂപ നഷ്ടമായി. അന്താരാഷ്ട്ര ടെൻഡർ വിളിക്കാതെയാണ് ഒരുപത്രത്തിൽ പരസ്യം ചെയ്ത് രഹസ്യമായാണ് ഇടപാട് നടന്നത്. ഇറക്കുമതിയുടെയും ടെൻഡറിന്റെയുമെല്ലാം മുഖ്യസംഘാടകനായ അമീർ അഹമ്മദിന്റെ കമ്പനിക്കാണ് മുഴുവൻ ഓർഡറും നൽകിയത്.

വ്യവസായവകുപ്പിൽ സ്വാധീനമുള്ള അമീർ അഹമ്മദിനെ യുഡിഎഫ് സർക്കാരാണ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപറേഷൻ (കെഎസ്ഐഡിസി) ഡയറക്ടറായി നിയമിച്ചത്. ഈ കമ്പനി ക്ലിങ്കർ ഉൽപ്പാദിപ്പിക്കുകയോ സിമന്റ് വ്യവസായവുമായി ബന്ധമോ ഇല്ല. തുടർന്നും കോടികളുടെ ക്ലിങ്കർ ഇറക്കുമതി ഓർഡർ അമീർ അഹമ്മദിന് നൽകുകയാണ്.

സപ്ലൈയർമാർ അവരുടെ ചെലവിലാണ് അസംസ്കൃതവസ്തുക്കൾ എത്തിച്ചത്. അതിനു പകരമാണ് കമ്പനി കേട്ടുകേൾവിയില്ലാത്തവിധം കൊച്ചിയിൽ സംഭരണപ്പുര ഒരുക്കുന്നത്. അനധികൃത ഇറക്കുമതിക്കാണ് ബൾക്ക് മെറ്റീരിയിൽ ഹാൻഡ്ലിങ് ഫെസിലിറ്റി സ്ഥാപിക്കുന്നത്. ഇതിനായി 50കോടി രൂപ വായ്പയെടുത്തു. 2016ലെ ബജറ്റിൽ 110 കോടിരൂപ സർക്കാർ സഹായം ലഭിക്കുമെന്നാണ് എംഡിയും ഉന്നത ഉദ്യോഗസ്ഥരും കമ്പനി ഡയറക്ടർ ബോർഡിനെ അറിയിച്ചതെങ്കിലും ബജറ്റിൽ തുകയുണ്ടായില്ല. 1.2ലക്ഷം മെട്രിക് ടൺ ക്ലിങ്കർ ഇറക്കുമതി ചെയ്യാൻ അമീർ അഹമ്മദിന്റെ കമ്പനിക്ക് ഇപ്പോൾ വീണ്ടും ഓർഡർ നൽകിയിരിക്കുകയാണ്. അതുവഴി 15കോടിരൂപ നഷ്ടമുണ്ടാവും. ക്ലിങ്കർ, ചുണ്ണാമ്പ് ഇടപാടുകളിൽ 80 കോടിരൂപയുടെ നഷ്ടമുണ്ടായി.

2010ൽ 14.49 കോടി നഷ്ടമുണ്ടായ റിപ്പോർട്ടിന്മേലും ഇതുവരെ നടപടിയുണ്ടായില്ല. അന്നത്തെ കരാറുകാരെ സഹായിക്കാനും ഉദ്യോഗസ്ഥരെ രക്ഷപ്പെടുത്താനുമാണ് കമ്പനി നടപടി സ്വീകരിച്ചതെന്ന് നേതാക്കൾ പറഞ്ഞു.

വാർത്താസമ്മേളനത്തിൽ വൈസ് പ്രസിഡന്റ് ഇ സി ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി കെ നാഗരാജ് എന്നിവരും പങ്കെടുത്തു.